(ബി) പ്രസ്തുത പ്രഖ്യാപനത്തെത്തുടർന്ന് മലയാറ്റൂരിലേക്ക് ധാരാളം തീർത്ഥാടകരും വിനോദസഞ്ചാരികളും എത്തിച്ചേരുന്നുണ്ടോ;

(സി) എങ്കിൽ അവരുടെ സഞ്ചാര സൗകര്യം, താമസം മുതലായ കാര്യങ്ങൾക്കു വേണ്ടി എന്തെല്ലാം അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു; ഇവ എന്നത്തേക്കു പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ?

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ഉണ്ട്.

(ബി) മലയാറ്റൂർ ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന നിലയിലുപരി ഒരു തീർത്ഥാടന കേന്ദ്രവുമാണ്. മലയാറ്റൂരിലേക്ക് വർഷം മുഴുവനും തീർത്ഥാടകർ എത്തുന്നുണ്ട്. എങ്കിലും മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ് കൂടുതൽ തീർത്ഥാടകർ എത്തിച്ചേരുന്നത്.

(സി) ടൂറിസം വകുപ്പ് തീർത്ഥാടക ടൂറിസത്തിന് വേണ്ടത്ര പ്രാധാന്യം നൽകി കൊണ്ട് ഈ മേഖലയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ധാരാളം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. മലയാറ്റൂരിലെത്തുന്ന സന്ദർശകർക്ക് താമസിക്കുന്നതിനായി ഒരു യാത്രി നിവാസ് ടൂറിസം വകുപ്പ് നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കാലടിയിലും മലയാറ്റൂരിലും ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ലംപ്സംഗ്രാന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച്

*19 [49] ശ്രീ. ജോണി നെല്ലൂർ:
" എ. എൻ. രാജൻ ബാബു:
" കെ. കെ. ഷാജു:
" ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് ലഭ്യമാക്കാത്തത് സംബന്ധിച്ച് കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) 2003-ൽ ഈ ഇനങ്ങളിൽ ചെലവാക്കിയ തുക വ്യക്തമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വർഷാരംഭത്തിൽ തന്നെ ലംപ്സംഗ്രാന്റ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സമർപ്പിച്ച് പട്ടികജാതി/പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് യഥാസമയം ലംപ്സംഗ്രാന്റ് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ലംപ്സംഗ്രാന്റ് ഇനത്തിൽ 11,56,40,044 രൂപ ചെലവഴിച്ചിട്ടുണ്ട്. 2003-2004 അദ്ധ്യയന വർഷത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പോസ്റ്റ്മെട്രിക്ക് വിദ്യാർത്ഥികൾക്ക് 37,01,255 രൂപയും പ്രീ മെട്രിക്ക് വിദ്യാർത്ഥികൾക്ക് 77,08,884 രൂപയും ചേർത്ത് ആകെ 1,14,10,139 രൂപ ലംപ്സംഗ്രാന്റ് ഇനത്തിൽ നൽകിയിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly